## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *591 — 28/10/2016 ൽ മറുപടിക്ക്

## തെരുവുനായ പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ആന്റണി ജോൺ<br>പ്രൊഫ. കെ.യു. അരുണൻ | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തെരുവുനായയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | എ) തെരുവുനായയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി സർക്കാരിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. |
| ബി) | ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ അഭാവമാണ് തെരുവ് നായ ശല്യം വർദ്ധിക്കുന്നതിന് കാരണമെന്നതിനാൽ ആയത് പരിഹരിക്കാനായി എന്തു പദ്ധതിയാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്? | ബി) ഏതെങ്കിലും തെരുവിലോ കെട്ടിടത്തിന്റെ വരാന്തയിലോ മൃഗങ്ങളുടെ അവശിഷ്ടവും ചവറും മാലിന്യവും നിക്ഷേപിക്കുക, ചവറോ മാലിന്യങ്ങളോ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുക എന്നീ പ്രവൃത്തികൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 219 ഐ, 219 എൻ എന്നീ വകുപ്പുകൾ പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. ഇത് ലംഘിക്കുന്നവർക്കെതിരെ നിയമ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും തെരുവുകളും പൊതു സ്ഥലങ്ങളും മാലിന്യ മുക്തമാക്കുന്നതിനും നടപടികൾ ഉറപ്പുവരുത്തുന്നതിനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും 901 ഗ്രാമ പഞ്ചായത്തുകൾ പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ നടപടി സ്വീകരിക്കുകയും 74 ഗ്രാമ പഞ്ചായത്തുകൾ പ്രസ്തുത പ്രവൃത്തികൾ നടത്തിയവർക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതികൾ ഒരു ഗ്രാമ പഞ്ചായത്തിന് മാത്രമായി രൂപീകരിക്കുന്നതിന് ബുദ്ധിമുട്ടുള്ള പക്ഷം സംയുക്ത പ്രോജക്ടായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശം |

--- 2

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 10% തുക മാലിന്യനിർമാർജനത്തിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും വകയിരുത്തുന്നുണ്ട്.<br>സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യങ്ങൾ അവ ഉല്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ തരംതിരിക്കപ്പെടുന്നതിനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ പ്ലാന്റ് ആധുനികവൽക്കരിക്കുന്നതിനും, അജൈവ മാലിന്യങ്ങൾ പുന:ചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേയ്ക്കായി തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവ മാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നു. ആയതുപ്രകാരം ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കും പൊതു മാലിന്യ സംസ്കരണ പദ്ധതിക്കും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ അതാത് നഗരസഭകൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ